# ആശാൻ കവിതയിലെ പെൺപൂവ് ; സ്ത്രീ സ്വത്വവും പ്രതിനിധാനവും ദുരവസ്ഥയിൽ

**രഞ്ജിത് വി**
ഗവേഷകൻ, മലയാളവിഭാഗം
കേരള കേന്ദ്രസർവകലാശാല, കാസർഗോഡ്
renjith751996@gmail.com

Article Link: https://aksharasurya.com/2023/07/renjith-v-2/

1

ചുരുങ്ങിയ കാലം കൊണ്ട് സാഹിത്യലോകത്ത് കാവ്യയശസ്സ് സമ്പാദിച്ച കവി തന്റെ മറ്റു കൃതികളെ അപേക്ഷിച്ച് വിലക്ഷണരീതിയിൽ എഴുതപ്പെട്ട രചനയാണെന്ന് ഒരു കാവ്യത്തെ അഭിസംബോധന ചെയ്യാൻ ധൈര്യം കാണിക്കുമോ?. വീണപൂവും കരുണയും ചിന്താവിഷ്ടയായ സീതയും മലയാളിക്ക് സമ്മാനിച്ച മഹാകവി തന്റെ ഏറ്റവും ദൈർഘ്യമേറിയ കാവ്യമായ 'ദുരവസ്ഥയെ' ഒരു വിലക്ഷണ രചനയായി അടയാളപ്പെടുത്താൻ ധൈര്യം കാട്ടിയെന്നത് സാഹിത്യലോകത്ത് മറ്റാരും കാണിക്കാത്ത ഒരാർജ്ജവമാണ്. 'വർത്തമാനകാലത്തും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നു മാത്രമല്ല, അവയെ കഴിയുന്നത്ര തന്മയത്വത്തോടുകൂടി വർണിപ്പാൻ ആശിച്ചുകൊണ്ടും രചിക്കപ്പെടുന്ന കഥാരൂപമായ കവിതകളിൽ സാരസ്യം വരുത്താൻ പ്രയാസമാണെന്ന് പറയേണ്ടതില്ലല്ലോ' ( ദുരവസ്ഥ - മുഖവുര) എന്നുള്ളതാണ് ദുരവസ്ഥയുടെ പരിമിതിയായി കുമാരനാശാൻ ഉയർത്തി കാട്ടുന്നത്. പിന്നീടുവന്ന സാഹിത്യപഠിതാക്കൾക്ക് കാടുകയറിയ കവിപ്രതിഭയായും കലാപരമായ പരാജയമായും അഞ്ചരയടി കവിതയായും അനുഭവപ്പെട്ട ദുരവസ്ഥയെ ഒരു നൂറ്റാണ്ടിനിപ്പുറം നിന്നുകൊണ്ട് കാവ്യത്തിലെ സ്ത്രീ പ്രതിനിധാനത്തെ പുനർവിചിന്തനം ചെയ്യുന്നതിനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

തെക്കേ മലയാംജില്ലയെ നടുക്കിയ രക്തരൂക്ഷിതമായ മലബാർ കലാപത്തെ മുൻനിർത്തി ആശാൻ രചിച്ച കാവ്യമാണ് ദുരവസ്ഥ. ആശാന്റെ മറ്റു കാവ്യങ്ങളെ അപേക്ഷിച്ച് പ്രമേയപരമായ യാതൊരു സങ്കീർണതകളും ഇല്ലാത്ത പ്രസ്തുത കൃതി മലബാർ കലാപകാലത്തു നടന്നതായി കൽപ്പിച്ചിട്ടുള്ള ഒരു

കഥയെയാണ് ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളത്. കലാപകാരികൾ സ്വന്തം ഇല്ലം ചുട്ടുകരിച്ചപ്പോൾ ജീവരക്ഷാർത്ഥം രായ്ക്കുരാമാനം ചാത്തൻ എന്ന പുലയന്റെ കുടിലിൽ അഭയം പ്രാപിച്ച സാവിത്രി അന്തർജനം ചാത്തനിൽ പ്രീതനായി അയാളെ ഭർത്താവായി സ്വീകരിക്കുന്നതാണ് കാവ്യപ്രമേയം.

**2**

കുടുംബത്തിലെ ഓമനസന്താനമായി പിറന്ന് എല്ലാ രാജകീയസൗഭാഗ്യങ്ങളും അനുഭവിച്ചു കാലത്തിന്റെ വിധിവിപര്യയത്തിൽ എല്ലാം നഷ്ടപ്പെട്ട് അനാഥയാക്കപ്പെട്ട അന്തർജനം തന്റെ ഭാവികാല ജീവിതത്തെ കരുപ്പിടിപ്പിക്കാനായി നടത്തുന്ന ജീവിതപരിവർത്തനത്തിന്റെ കഥയാണ് ഒരുതരത്തിൽ ദുരവസ്ഥ. ജീവനേക്കാളുപരി മാനാഭിമാനത്തിന് പ്രാധാന്യം നൽകി കലാപകാരികളുടെ കാമ പൂർത്തീകരണത്തിന് ഇരയാവാതെ, പുലയകുടിലിൽ അഭയം പ്രാപിച്ച സാവിത്രിക്ക് മുന്നിൽ ബ്രാഹ്മണ്യത്തിന്റെ കുലനീതി ഭ്രഷ്ട് കൽപ്പിച്ചു നൽകിയപ്പോൾ അതിൽ അടിപതറാതെ ചാത്തന്റെ കൈയും പിടിച്ചു വരുംകാല ജീവിതത്തെ സ്വപ്നം കാണുന്ന സാവിത്രി മലയാള കവിതാ ചരിത്രത്തിലെ ശക്തമായ സ്ത്രീ സാന്നിധ്യമാണ്. 'വിണ്ടലത്തെങ്ങോ വിളങ്ങിയ താരമേ! / കുണ്ടിൽ പതിച്ചു നീ കഷ്ടമോർത്താൽ!' എന്ന കവിയുടെ പരിവേദനത്തെ അവഗണിക്കും വിധത്തിൽ കുണ്ടിൽ നിന്നും അവൾ അറിവിന്റെയും തിരിച്ചറിവിന്റെയും വെളിച്ചം പകരുന്നതായി കവിത സാക്ഷ്യപ്പെടുത്തുന്നു.

**3**

മലബാർ കലാപം നിമിത്തം സാവിത്രി അന്തർജനത്തിന്റെ ജീവിതത്തിൽ വന്നു ചേർന്നിട്ടുള്ള പ്രയാസങ്ങളെയും പ്രതിസന്ധികളെയും അവതരിപ്പിച്ചു കൊണ്ടാണ് ദുരവസ്ഥയുടെ പ്രമേയതലം വികസിക്കുന്നത്. കാവ്യാരംഭത്തിൽ നൽകിയിരിക്കുന്ന 56 വരികൾ വരുന്ന പ്രകൃതിവർണ്ണനാപരമായ ഭാഗത്തിനു ശേഷമാണ് സാവിത്രി കാവ്യപ്രമേയത്തിൽ പ്രത്യക്ഷപ്പെടുന്നത്. സാവിത്രിക്ക് അഭയം നൽകിയ ചാത്തന്റെ ചാളയെ മനോഹരമായി വർണിച്ച കവി ചാളയ്ക്കുള്ളിൽ മൂടി മറഞ്ഞിരിക്കുന്ന സാവിത്രിയിൽ എത്തിച്ചേരുന്നു.

**'ഹന്ത ചാളയ്ക്കുള്ളിൽ മൂടിമറച്ചൊരു**
**ചന്തമേറീടും വദനമല്ലേ**
**കാണുന്നു നോക്കിൽ പുറമ്പോള നീങ്ങാതെ**
**ചേണറ്റുമിന്നുന്ന പൂവുപോലെ'**

എന്ന് ആ പെൺപൂവിനെ ആശാൻ വർണ്ണിക്കുന്നു. വിരിഞ്ഞുനിൽക്കുന്ന പൂവിന്റെ മനോഹാരിതയും ശോഭയും പുലയക്കുടിലിലെ നരകതുല്യമായ അന്തരീക്ഷത്തിലും അവളിൽ അണയാതെ നിൽക്കുന്നതായി കാണാം.

**'തറ്റുടുത്തൂരുമറഞ്ഞ മനോജ്ഞമാ-**
**മൊറ്റക്കണങ്കാൽ മടക്കിവച്ചും**
**മറ്റേക്കഴൽ നിലത്തൂന്നിയമ്മുട്ടിന്മേൽ**
**പറ്റിയ കൈത്തണ്ടിൻ ചെന്തളിരിൽ**
**പൂമഞ്ജുവക്ത്രം ചരിച്ചുവച്ചും, മറ്റേ-**
**യോമൽക്കൈത്തണ്ടാർ നിലത്തൂന്നിക്കൊണ്ടും**
**കീറപ്പനമ്പായിലാരോ മുഷിഞ്ഞൊരു**
**കൂറ പുതച്ചു കുനിഞ്ഞിരിപ്പൂ'**

എന്ന സാവിത്രിയുടെ വർണ്ണന അവളുടെ നിസ്സഹായമായ ജീവിതത്തെ അവതരിപ്പിക്കാൻ ഏറെ പര്യാപ്തമാകുന്നു. സമ്പത്തിന്റെ സുഖലോലുപതയിൽ നിന്ന് ചാത്തന്റെ കൂരയിലേക്കുള്ള പതനം സാവിത്രിയിൽ ധാരാളം മാറ്റങ്ങൾ ഉണ്ടാക്കിയതായി കാണാം. കെട്ടാതെ വച്ചിരിക്കുന്ന തലമുടിയും ശൂന്യമായ കാതിഴകളും അവളുടെ ജീവിതത്തിലെ അസ്ഥിരതയെയും അവ്യവസ്ഥയെയും കുറിക്കുന്നു. ജോലിക്കായി ചാത്തൻ വീടുവിട്ടിറങ്ങുമ്പോൾ സാവിത്രിക്ക് കൂട്ടായി നൽകിയ മൈനയോട് അവൾ നടത്തുന്ന സങ്കടപ്രവാഹത്തിലൂടെയാണ് കഥാനായികയുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നത്. വെന്തു പോയൊരു വമ്പിച്ചമനക്കലെ സന്താനവല്ലിയായ കുമാരി കലാപകാരികളിൽ നിന്ന് രക്ഷപ്പെടാനായി നടത്തിയ ത്യാഗോജ്ജ്വലമായ പോരാട്ടം ആശാൻ വിശദമായി തന്നെ അവതരിപ്പിക്കുന്നുണ്ട്. 'നായാട്ടിനായി വളഞ്ഞ വനം വിട്ടു / പായുന്നൊരൊറ്റ മാൻകുട്ടി പോലെ' എന്നും 'വേകുന്ന സൗധം വെടിഞ്ഞു പറന്നുപോ- / മേകയാം പ്രാവിൻകിടാവുപോലെ' യും പുലിമടയിൽ ചെന്നുപെട്ട പൈക്കിടാവു പോലെയും പരുന്തിനെ കണ്ട് ഒളിച്ചിരിക്കുന്ന കുരുവിക്കിടാവുപോലെയും മരണത്തിനു മുന്നിൽ നിന്ന് ജീവിതത്തിന്റെ തുരുത്തിലേക്ക് നടന്നുകയറാൻ ആ പെൺകിടാവിന് സാധിച്ചു.

യാതൊരു തെറ്റും ചെയ്യാതെ ഒറ്റരാത്രികൊണ്ട് ജീവിതം മാറിമറിഞ്ഞ് അനാഥയാക്കപ്പെട്ടുപോയ ജീവിതസന്ധികളിൽ തളർന്നിരിക്കാതെ വാശിയോടെ പടപൊരുതി ജീവിതം തിരിച്ചു പിടിക്കാൻ അതീവശ്രദ്ധയോടെ സാവിത്രി മുന്നോട്ടു നീങ്ങുന്നു. മാനവും ജീവനും സംരക്ഷിക്കാൻ വേണ്ടിയാണ് സാവിത്രി ചാത്തന്റെ പുലയച്ചാളയിൽ അഭയം പ്രാപിച്ചത്. എന്നാൽ ഇത് തിരിച്ചറിയാത്ത നമ്പൂതിരിയുടെ ആഢ്യത്വം അവളെ പടിയടച്ച് പിണ്ഡം വെച്ച് ഭ്രഷ്ട്ടയാക്കി കളഞ്ഞു. നമ്പൂതിരിയാഢ്യന്റെ മാനദയായ പെൺകുട്ടിയായി പിറന്ന് ഒരാൾക്ക് ജീവിതത്തിൽ ലഭിക്കാൻ സാധ്യതയുള്ള എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ചു വളർന്നുവന്ന സാവിത്രിക്ക് മലബാർകലാപം തീരാദുഃഖമാണ് സമ്മാനിച്ചത്. 'കോണിയിറങ്ങീയിട്ടില്ലോമനേയേറെ ഞാൻ / നാണം വെടിഞ്ഞു നടന്നിട്ടില്ല' എന്നും അച്ഛനെ അല്ലാതെ മറ്റൊരു ആണൊരുത്തനെയും കണ്ടിട്ടില്ലെന്നും തന്റെ സംസാരം പഞ്ചവർണ്ണക്കിളി അല്ലാതെ മറ്റാരും കേട്ടിട്ടില്ലെന്നും വട്ടക്കുടയും വൃക്ഷലിയും കൂടാതെ നടന്നിട്ടില്ലെന്നും തന്റെ പൂർവ്വകാല ജീവിതത്തെ മൈനയോട് സാവിത്രി പങ്കുവെക്കുന്നുണ്ട്. നമ്പൂതിരി സമുദായത്തിനകത്ത് നിലനിന്ന സ്ത്രീയുടെ അസ്വാതന്ത്ര്യത്തെയാണ് സാവിത്രിയുടെ വാക്കുകളിൽ കണ്ടെത്താൻ സാധിക്കുന്നത്. എല്ലാ സുഖസൗകര്യങ്ങളും അവൾക്ക് ലഭിക്കുമ്പോഴും അവൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെട്ട സ്വാതന്ത്ര്യരാഹിത്യത്തിന്റെ കരിനിഴൽ ജീവിതം മുഴുവൻ നിറഞ്ഞുനിൽക്കുന്നതായി കാണാം.

കലാപകാരികളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി അവൾ നടത്തുന്ന ശ്രമം ഏറെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. നാലുകെട്ടിന് പുറത്തെ ലോകം അത്രകണ്ട് പരിചിതമല്ലാത്ത സാവിത്രിക്ക് എവിടെയാണ് തനിക്ക് അഭയം ലഭിക്കുകയെന്ന് കണ്ടെത്തുക ഏറെ പ്രയാസകരമായിരുന്നു. സ്വന്തം ഇല്ലം കുളംതോണ്ടി ഇല്ലത്തിന് കലാപകാരികൾ തീകൊളുത്തിയപ്പോൾ നിസ്സഹായയായി നോക്കി നിൽക്കാൻ മാത്രമേ അവൾക്ക് സാധിക്കുന്നുള്ളു. കാവിനുള്ളിൽ കല്ലിൻ പ്രതിമ പോലെ നിർജീവമായി നിൽക്കുന്ന സാവിത്രി സർപ്പക്കാവിൽ നിന്നും ഏതുവിധേനയും രക്ഷപ്പെടുന്നതിനുള്ള ശ്രമം നടത്തുന്നു. വല്ല ദുഷ്ടന്മാരും വീണ്ടും വരാമെന്നും പുലരുന്നതിന് മുമ്പായി

എവിടെയെങ്കിലും ശരണം തേടി മാനം രക്ഷിക്കണമെന്നും അതിയായി അവൾ ആഗ്രഹിക്കുന്നു. ആ ആഗ്രഹമാണ് സാവിത്രിയെ ചാത്തന്റെ ചാളയിൽ എത്തിക്കുന്നത്.

4

നമ്പൂതിരിയില്ലത്ത് നിന്ന് പുലയന്റെ ചാളയിലേക്ക് എത്തപ്പെട്ട സന്ദർഭത്തിലും തന്റെ മനക്കരുത്തും നിശ്ചയദാർഢ്യവും പൂർവാധികം ശക്തിയോടെ ചേർത്തു പിടിക്കാൻ ആ സാധുപെൺകിടാവിനു സാധിക്കുന്നുണ്ട്. ബാല്യ-കൗമാരങ്ങളിൽ വായനയിലൂടെ അവൾ ആർജിച്ച വെളിച്ചമാണ് തുടർന്നുള്ള ജീവിതത്തിൽ അവളെ വഴി നടത്തുന്നത്. നമ്പൂതിരി സമുദായത്തിനകത്ത് പലപ്പോഴും വിജ്ഞാന വിതരണത്തിൽ സ്ത്രീകൾ അവഗണിക്കപ്പെടുക സ്വാഭാവികമാണ്. എന്നാൽ ദുരവസ്ഥയിലെ കഥാനായികയ്ക്ക് മുന്നിൽ അറിവിന്റെ വാതായനങ്ങൾ തുറക്കപ്പെട്ടതിന്റെ സൂചനകൾ കവിതയിൽ കാണാം. 'അത്താഴവും വായനയും കഴിഞ്ഞു ഞാൻ / ചിത്താനന്ദം പൂണ്ടു കട്ടിലേറി' എന്ന സാവിത്രിയുടെ ഓർമയിൽ അവൾക്ക് ലഭിച്ച അപൂർവമായ സൗഭാഗ്യത്തിന്റെ സൂചനയുണ്ട്. ആ കാലഘട്ടത്തിൽ അടുക്കളയുടെ നാലു ചുമരുകളിൽ ജീവിതം ഹോമിക്കപ്പെട്ടിരുന്ന അന്തർജനങ്ങളിൽ നിന്ന് വായനയിൽകൂടി അറിവിന്റെ ലോകത്തേക്ക് നടന്നുകയറാൻ ഭാഗ്യം ലഭിച്ച അപൂർവങ്ങളിൽ അപൂർവമായ ഭാഗ്യവതിയായിരുന്നു കവിതയിലെ സാവിത്രി. ബാല്യ കൗമാരങ്ങളിൽ അവൾ ആർജിച്ച മനക്കരുത്താണ് 'കില്ലില്ല ഞാനെന്റെ കാലം നയിക്കുമി- / പ്പുല്ലുമാടത്തിൽപ്പുലയിയായിത്താൻ' എന്ന നിശ്ചയത്തിലേക്ക് അവളെ നയിക്കുന്നത്. വീട്ടുവേലക്കാരും തന്റെ ഏത് ആവശ്യങ്ങളും സാധിച്ചു തരുന്ന പരിചാരകരും കൂടെയുണ്ടായിരുന്ന ജീവിതത്തിൽ നിന്നും ചെറുമികളെപോലെ പണിയെടുക്കാനുള്ള തീരുമാനത്തിലേക്ക് അവൾ എത്തിച്ചേരുന്നത് ഏതോ നിമിഷത്തിൽ തോന്നിയ എടുത്തുചാട്ടമല്ലെന്നും കൃത്യമായ കണക്കുക്കൂട്ടലുകൾ ആ ബ്രാഹ്മണകന്യകയ്ക്ക് ഉണ്ടായിരുന്നുവെന്നുമുള്ള ധാരാളം സൂചനകൾ കവിതയിൽ കണ്ടെത്താം. ചെറുമിയായി പണിയെടുക്കാനുള്ള പുറപ്പാടല്ല സാവിത്രിയുടെ തീരുമാനത്തിന് പിന്നിലുള്ളത്. വലിയൊരു സാമുദായികപരിഷ്കരണ ലക്ഷ്യമാണ് അവളെ മുന്നോട്ടു

നയിക്കുന്നത്. അറിവാണ് ജീവിതത്തിന്റെ വെളിച്ചം എന്ന് തിരിച്ചറിയുന്ന സാവിത്രി ചാത്തനെ പഠിപ്പിക്കാനുള്ള തീരുമാനത്തിൽ എത്തിച്ചേരുകയാണ്. ചാത്തനിലൂടെ പുലയസമുദായത്തെ നവീകരിക്കാൻ അവൾ ഇറങ്ങിതിരിക്കുന്നു. 'നിശ്ചയം, ചാത്തനെ ഞാൻ പഠിപ്പിച്ചീടും വിശ്വാസമേറുന്നിക്കാര്യത്തിങ്കൽ' എന്നും 'ഞങ്ങൾ പുലയർക്കുള്ളാരാധനകളെ / ഭംഗിയായ് പിന്നെപ്പരിഷ്കരിക്കും' മെന്നുമുള്ള അവളുടെ നിശ്ചയം സവർണ്ണബോധത്തിന് അതീതമായ മാനവിക മൂല്യങ്ങളുടെ പക്ഷത്തിലാണ് നിലയുറപ്പിക്കുന്നത്. ചുരുങ്ങിയ നാളുകൾക്കുള്ളിൽ ബ്രാഹ്മണകന്യകയിൽ നിന്ന് ചെറുമിയായി പരിവർത്തനപ്പെടാൻ അവൾക്ക് സാധിച്ചുവെന്ന് 'ഞങ്ങൾ പുലയർക്കുള്ള' എന്ന അഭിസംബോധന സൂചിപ്പിക്കുന്നുണ്ട്. മതപക്ഷത്തിനതീതമായി മാനവികതയുടെ പക്ഷത്താണ് സാവിത്രി നിലയുറപ്പിക്കുന്നത്. തമ്പ്രാട്ടി എന്ന അധികാരപദത്താൽ വിളിക്കപ്പെടാൻ താൻ ആഗ്രഹിക്കുന്നില്ലെന്ന് ചാത്തനെ അറിയിക്കുന്നുണ്ട് സാവിത്രി.

**'സാവിത്രിയെന്നെന്നെ നിശ്ശങ്കമെൻ ചാത്ത,**
**നീ വിളിക്കായതെന്റെ നാമം.**
**ആവിധംമെന്നെ വിളിച്ചോരിരുവരും**
**ദ്യോവിലായ് നീയക്കുറവ് തീർക്കാ'**

എന്നു പറയുന്നതിലൂടെ രണ്ട് സമുദായവ്യക്തികളാണ് തങ്ങൾ എന്നതിനപ്പുറം ആധുനികമൂല്യങ്ങളും സമത്വ സങ്കൽപ്പങ്ങളും ഉൾക്കൊള്ളുന്ന ആധുനിക കർതൃത്തങ്ങളായി തങ്ങൾ മാറേണ്ടതുണ്ട് എന്ന തിരിച്ചറിവിലേക്ക് എത്തിച്ചേരുകയാണ് സാവിത്രി ചെയ്യുന്നത്.

**5**

പുറമേ നിന്നു നോക്കുമ്പോൾ ഏറെ സൗഭാഗ്യങ്ങൾ അനുഭവിക്കുന്ന വിഭാഗമായിട്ടാണ് നമ്പൂതിരി സ്ത്രീകൾ പലപ്പോഴും കരുതപ്പെടാറുള്ളത്. ബ്രാഹ്മണ്യത്തിന്റെ മാമൂലുകൾക്കുള്ളിൽ ബന്ധിതയായി ജീവിതം തള്ളിനീക്കപ്പെടേണ്ടിവരുന്ന നമ്പൂതിരി സ്ത്രീകളുടെ ജീവിതത്തിലേക്ക്, പ്രശ്നങ്ങളിലേക്ക് ദുരവസ്ഥ വെളിച്ചം വീശുന്നുണ്ട്. നമ്പൂതിരി കുടുംബത്തിലെ കാരണവർക്ക് അവിഹിതമായ സ്വാതന്ത്ര്യം ലഭിക്കുമ്പോഴും അന്തപുരത്തിലെ ശുദ്ധിയിൽ നമ്പൂതിരിയന്തണർക്ക് യാതൊരു ദാക്ഷിണ്യവുമില്ലെന്ന്

സാവിത്രി കുറ്റപ്പെടുത്തുന്നുണ്ട്. പടുവൃദ്ധനായ നമ്പൂതിരിക്ക് പോലും എത്ര വേണമെങ്കിലും വിവാഹം കഴിക്കാൻ അവസരം ഉണ്ടാകുമ്പോൾ നമ്പൂതിരി കന്യകയ്ക്ക് വിവാഹത്തിലെ ഏറ്റവും പ്രധാനമായ തിരഞ്ഞെടുപ്പ് പോലും നിഷേധിക്കപ്പെടുന്നതായി കാണാം. 'പെൺകൊടയില്ലത്തുണ്ടാകിലും കന്യയ്ക്കു / പങ്കുമില്ലല്ലോ തിരഞ്ഞെടുപ്പിൽ' എന്നുള്ളത് നമ്പൂതിരി സ്ത്രീകളുടെ മാത്രം പ്രശ്നമായിരുന്നില്ല അക്കാലത്ത്. സവർണാധിപത്യവും പിതൃഅധികാര വ്യവസ്ഥയും നിലനിൽക്കുന്ന സമൂഹത്തിനകത്ത് അവയ്ക്കെതിരെ ശക്തമായ പ്രതിരോധം തീർക്കാൻ വാക്കിനാലും പ്രവർത്തിയാലും തുനിയുകെന്നത് വലിയൊരു സാമൂഹികവിപ്ലവമാണ്. കാലങ്ങളായി സ്വസമുദായത്തിൽ നിലനിൽക്കുന്ന സമ്പ്രദായങ്ങളെ വെല്ലുവിളിക്കാൻ കന്യാസഹജമായ കൗതുകത്താൽ അവൾ ശ്രമിക്കുന്നത് തന്റെ മുന്നിലൂടെ നരകയാതന അനുഭവിച്ചു കടന്നുപോയ സ്ത്രീ ജന്മങ്ങളെ ഓർത്താവണം. കാരണവരുടെ ഇഷ്ടത്തിനനുസരിച്ച് വിവാഹം കഴിക്കാൻ ആഗ്രഹിക്കാത്ത സാവിത്രിക്ക് തന്റെ പ്രതിശ്രുതവരനെ സംബന്ധിച്ച് കൃത്യമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു എന്ന് വേണം ധരിക്കാൻ. അക്കാലത്തെ ഒരു പെൺകുട്ടിയിൽ നിന്ന് പ്രതീക്ഷിക്കാൻ സാധിക്കാത്ത ഇത്തരം കാഴ്ചപ്പാടുകൾ സാവിത്രിയെ വ്യത്യസ്തയാക്കി തീർക്കുന്നു.

**'നിർദ്ധനനെന്നാലുമെന്നെ വേൾക്കുന്നയാൾ**
**വിദ്യാപരനായിരുന്നിടേണം.**
**രൂപവാനല്ലെങ്കിലുമപ്പുമാനന്യ-**
**സ്ത്രീപരനാകാതിരുന്നീടേണം'.**

എന്നിങ്ങനെ സ്വന്തം കാര്യത്തിൽ കൃത്യമായ കാഴ്ചപ്പാട് രൂപപ്പെടുത്താൻ സാവിത്രിക്ക് സാധിക്കുന്നത് അവൾ നേടിയെടുത്ത ആധുനിക ബോധ്യങ്ങളുടെ ഫലമായിട്ടാണ്. 'സ്വച്ഛരാം നമ്പൂരിനാരിമാർക്കുദ്വാഹം നിശ്ചിതമായ വിധിയല്ലല്ലോ' എന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോഴും വൈവാഹിക ജീവിതത്തെ സംബന്ധിച്ച് ആലോചിച്ച് ഉറപ്പിക്കുകയും തന്റെ രണ്ട് ആഗ്രഹങ്ങളിൽ ഒന്നായ പരസ്ത്രീ ബന്ധമില്ലാത്ത ചാത്തനെ വരിക്കാൻ ഭാഗ്യം ലഭിച്ചതിൽ അവൾ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. സ്ത്രീയുടെ എല്ലാ സ്വാതന്ത്ര്യങ്ങളിലും പുരുഷ നിയന്ത്രണങ്ങൾ നടപ്പിലായിരുന്ന സാമൂഹിക വ്യവസ്ഥിതിയിലാണ്

മാറ്റത്തിന്റെ കാഹളവുമായി സാവിത്രി ദുരവസ്ഥയിൽ പ്രത്യക്ഷപ്പെടുന്നത്. ആണിന്റെ കീഴിൽ സ്വത്വവും സ്വാതന്ത്ര്യവും അടിയറവു വെച്ച് ജീവിച്ചിരുന്ന സ്ത്രീ മാതൃകകളിൽ നിന്നും വിഭിന്നമായി ആണിനെ കൈപിടിച്ച് അഭിവൃദ്ധിയിലേക്ക് നയിക്കുന്ന ശക്തമായ പെൺ മാതൃകയായി ദുരവസ്ഥയിൽ സാവിത്രി നിറഞ്ഞുനിൽക്കുന്നു.

**6**

മലയാള കവിതയിലെ ശക്തമായ സ്ത്രീ സാന്നിധ്യമാണ് സാവിത്രി. ആണിന്റെ നിഴലായി മാത്രം പ്രത്യക്ഷപ്പെടുകയോ പ്രേമാധിക്യത്താൽ പുരുഷന്റെ പിറകെ നടക്കുകയും ചെയ്യുന്ന അബലയോ അശക്തയോ അല്ല ദുരവസ്ഥയിലെ നായിക. ശക്തമായ വ്യക്തിചൈതന്യം പുലർത്തുന്ന, ഏത് പ്രതിസന്ധികളെയും തന്റേടത്തോടെ അതിജീവിക്കുന്ന, ചളിക്കുഴിയിൽ നിന്ന് ആണൊരുത്തനെ ലോകത്തിന്റെ നെറുകയിലേക്ക് കൈപിടിച്ചുയർത്താൻ തക്കതായ ആത്മവിശ്വാസവും ആത്മവീര്യവുമുള്ള ആധുനികസ്ത്രീയുടെ പ്രതിരൂപമാണ് സാവിത്രി. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും സ്ത്രീവിമോചന ആശയങ്ങളും മലയാളി പൊതുമണ്ഡലത്തിൽ സജീവമാകുന്നതിനു മുമ്പ് ഇത്രയും കരുത്താർന്ന ഒരു സ്ത്രീ മാതൃക ഒരു ആൺ രചനയിൽ പ്രത്യക്ഷപ്പെട്ടുവെന്നത് നമ്മുടെ നിരൂപകർ പോലും തിരിച്ചറിഞ്ഞിട്ടില്ല. മലബാർ കലാപത്തിന്റെ രാഷ്ട്രീയത്തിലുപരി കഥാനായികയായ സാവിത്രിയുടെ ആത്മബോധത്തിന്റെയും ആധുനിക രാഷ്ട്രീയ കാഴ്ചപ്പാടുകളുടെയും പേരിൽ അനേകം സംവത്സരങ്ങൾ ദുരവസ്ഥ മലയാളി പൊതുമണ്ഡലത്തിൽ നിലനിൽക്കുമെന്നതിൽ സംശയമില്ല.

**സഹായകഗ്രന്ഥങ്ങൾ**

1. കുമാരനാശാൻ, ദുരവസ്ഥ, ഡിസി ബുക്സ്, കോട്ടയം, 2016
2. പി കെ ബാലകൃഷ്ണൻ, കാവ്യകല കുമാരനാശാനിലൂടെ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1976
3. എസ് സുധീഷ്,ആശാൻകവിത - സ്ത്രീ പുരുഷ സമവാക്യങ്ങളിലെ കലാപം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015